2008, ഖുത്ബ നമ്പര് - 4

25.1.2008
ബയ്ത്തുൽ ഫുത്തൂഹ്, ലണ്ടൻ

# ഒരു വഴിയടയ്ക്കുമ്പോൾ ആയിരം വഴി തുറക്കുന്നു

رَبَّنَا وَابْعَثْ فِيهِمْ رَسُولًا مِّنْهُمْ يَتْلُوا عَلَيْهِمْ اٰيٰتِكَ وَيُعَلِّمُهُمُ الْكِتٰبَ وَالْحِكْمَةَ وَيُزَكِّيْهِمْ ۚ اِنَّكَ اَنْتَ الْعَزِيْزُ الْحَكِيْمُ ۝١٣٠

**ബ**ഖറ അധ്യായത്തിലെ 130-ാമത്തെ വചനമാണ് ഞാനോതിയത്. ഇതിൽ വിവരിച്ചിരിക്കുന്ന ഇബ്റാഹീമി പ്രാർത്ഥനയുടെ നാലാമത്തെ വശം, അല്ലെങ്കിൽ ആഗതനാകാൻ പോകുന്ന ആ മഹാനായ ദൂതന്റെ നാലാമത്തെ പ്രത്യേകതയെക്കുറിച്ച് ഞാനിന്ന് പറയുന്നതാണ്. അതായത്, ഹദ്റത്ത് ഇബ്റാഹീം(അ) ന്റെ ദൃഷ്ടിയിൽ ഖിയാമത്തുന്നാൾവരേക്കുമുള്ള ജനങ്ങൾക്കായി വരാൻപോകുന്ന ആ ഖാത്തമുന്നബിയ്യീനിൽ ഉണ്ടായിരിക്കേണ്ട പ്രത്യേകതയെക്കുറിച്ച് ഞാൻ പറയുന്നതാണ്. അത് ***യുസക്കീഹിം*** എന്ന പ്രാർത്ഥനയാണ്. അവരെ ശുദ്ധീകരിക്കുകയും ചെയ്യേണമേ; അതായത് ആ വരാൻ പോകുന്ന ദൂതനെ വിശ്വസിക്കുന്നവരെ ശുദ്ധീകരിക്കേണമേ. അല്ലാഹു ലോകത്തേക്ക് അയച്ചിട്ടുള്ള ഓരോ നബിയുടെയും പ്രവൃത്തി, അവന്റെ പ്രീതി കരസ്ഥമാക്കാനുതകുന്ന അധ്യാപനങ്ങളും പാഠങ്ങളും ജനങ്ങൾക്ക് പറഞ്ഞുകൊടുക്കുക എന്നതുതന്നെയാണ്. വിശ്വസിക്കുന്നവരെ ശുദ്ധീകരിച്ചെടുക്കുകയും വേണം. ഇവിടെ പറഞ്ഞിരിക്കുന്ന ആ പ്രത്യേക ശുദ്ധീകരണമെന്താണ്? ഈ മഹാനായ ദൂതന്റെമേൽ ഇറങ്ങുന്ന വചനങ്ങളും പ്രത്യേക സ്ഥാനം വഹിക്കുന്നതാണെന്ന് കഴിഞ്ഞ ഖുത്ബകളിൽ ഞാൻ പറഞ്ഞിരുന്നു. ആ മഹാത്മാവിന്റെ മേൽ ഇറങ്ങുന്ന വചനങ്ങൾ, മുമ്പേയുള്ള ഒരു ധർമ്മശാസ്ത്രത്തിലും പറഞ്ഞിട്ടില്ലാത്തവിധം ഖണ്ഡിതമാണ്. നബി (സ) തിരുമേനിയുടെമേൽ ഇറങ്ങിയ ശരീഅത്ത് ഇറങ്ങിയപോലെതന്നെ ഗ്രന്ഥരൂപത്തിലുമുണ്ട്. നബി(സ)യ്ക്കിറങ്ങിയ ഈ അധ്യാനപത്തിലെ ഓരോ കല്പനയും യുക്തിനിർഭരമായ തെളിവുകൾ ഉൾക്കൊള്ളുന്നവയാണ്. അതിന്റെ തത്ത്വശാസ്ത്രം വിവരിക്കപ്പെട്ടിരിക്കുന്നു. മറ്റു ധർമ്മശാസ്ത്രങ്ങളിലൊന്നും അത് കാണാൻ കഴിയില്ല. ആദ്യത്തെ മൂന്ന് കാര്യങ്ങൾക്കുവേണ്ടി ചെയ്ത പ്രാർത്ഥനയുടെ അതേ മാനദണ്ഡത്തിൽതന്നെയാണ് ഈ പ്രാർത്ഥനയും ചെയ്തിരിക്കുന്നത്. അതായത്, ആ ഗ്രന്ഥത്തിലെ ഓരോ വാക്കും, വചനവും ദൃഷ്ടാന്തമെന്ന നിലയിലുള്ള യുക്തിനിർഭരമായ അധ്യാപനമായിരിക്കേണ്ടതും അതുമുഖേന ശുദ്ധീകരണം നടക്കുമ്പോൾ അതും മുമ്പേ കഴിഞ്ഞിട്ടുള്ള അധ്യാപനങ്ങൾക്കൊന്നും കിടപിടിക്കാൻ കഴിയാത്തവണ്ണമുള്ള ശുദ്ധീകരണമായിരിക്കേണ്ടതുമാണ്. കാരണം ഈ അധ്യാപനം ഖിയാമത്തുന്നാൾവരെ നിലനില്ക്കേണ്ടതാണ്. അതുകൊണ്ടുതന്നെ എക്കാലത്തേയും തിന്മകളെ ശുദ്ധീകരിക്കാനുള്ള അധ്യാപനം അതിലുണ്ടായിരിക്കണം. അല്ലാഹുതആല ആ ദുആയുടെ ഈ ഭാഗവും സ്വീകരിച്ചു. സ്വീകരിച്ചുവെന്ന് വിളംബരം ചെയ്തുകൊണ്ടുപറഞ്ഞു: ***വ യുസക്കീക്കും***. നിയോഗിതനായ ആ നബി നിങ്ങളെ ശുദ്ധീകരിക്കുന്നു. ഇത്തരം യുക്തിനിർഭരമായ അധ്യാപനത്താൽ നിറഞ്ഞ മഹത്തായ വചനങ്ങൾ നിങ്ങൾക്ക് കിട്ടിയിരിക്കുന്നു. കഴിഞ്ഞതും വരാനിരിക്കുന്നതുമായ ഒരു കാര്യത്തെയും അതു വിട്ടുകളഞ്ഞില്ല. ഇങ്ങനെ വരുമ്പോൾ ശുദ്ധീകരണവുമായി ബന്ധപ്പെട്ട കാര്യം എങ്ങനെ ബാക്കിവയ്ക്കാനാണ്. അതിനാൽ, നബി(സ) ഖിയാമത്തുന്നാൾവരെ ജന്മംകൊള്ളുന്ന ഓരോ വ്യക്തിക്കും ***മുസക്കി*** അഥവാ ശുദ്ധീകരണകർത്താവാണ്. നബി(സ)യുടെ കോന്തല പിടിച്ചുകൊണ്ട്, ആ മഹാത്മാവ് കൊണ്ടുവന്ന അധ്യാപനത്തിൽ വിശ്വസിക്കാത്തിടത്തോളം ഇനിയാരും യഥാർത്ഥമായ **ശുദ്ധി** കരസ്ഥമാക്കുകയില്ല. ശുദ്ധീകരണത്തെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയുന്നിനു മുമ്പേ, ഇതിന്റെ നിഘണ്ടുപരമായ അർത്ഥം പറയാം. അപ്പോൾ ഈ പദത്തിന്റെ അർത്ഥവ്യാപ്തി മനസ്സിലാക്കാൻ കഴിയും. **സക്കാ** എന്നതിന്റെ ഒരർത്ഥം അഭിവൃദ്ധിപ്പെടുക, വളരുക എന്നാണ്. രണ്ടാമത്തെ അർത്ഥം പരിശുദ്ധമാക്കുക, പവിത്രമാക്കുക. അഭിവൃദ്ധിപ്പെടുക, വളരുക എന്നു ഞാൻ ആദ്യം പറഞ്ഞുവല്ലോ. അത് രണ്ട് രീതിയിലുണ്ട്. ഒന്ന് സ്വയംവളരുക. രണ്ട് വസ്തുവിലും അംഗസംഖ്യയിലും വളർച്ചയുണ്ടാകുക. പരിശുദ്ധിയും രണ്ടുവിധത്തിലുണ്ട്. ഒന്ന് ബാഹ്യമായ പരിശുദ്ധി, രണ്ട് ആന്തരികമായ പരിശുദ്ധി. ഇതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ പദത്തിന് മൊത്തത്തിൽ കൊടുത്തിട്ടുള്ള അർത്ഥം, 'അദ്ദേഹം അവരെ ശുദ്ധീകരിക്കും' എന്നാ

ണ്. ബുദ്ധിയെ മാത്രമല്ല ശുദ്ധീകരിക്കുക മറിച്ച്, തത്ത്വ ശാസ്ത്രം പഠിപ്പിച്ച് മനസ്സുകളെയും ശുദ്ധീകരിക്കുന്നതാണ്. ഈ പരിശുദ്ധി കാരണത്താൽ മനസ്സ് അല്ലാഹുവിന്റെ സ്നേഹത്താൽ നിറയും. എത്രത്തോളമെന്നാൽ ആ വിശ്വാസികൾ അല്ലാഹുവിന്റെ വിശേഷ ഗുണത്തെ ആകർഷിച്ചെടുക്കുന്നവരായിത്തീരുന്നതാണ്. അവരെ കാണുമ്പോൾ സാധാരണക്കാരായി തോന്നാം. പക്ഷേ, അവർ സാധാരണക്കാരായിരിക്കുകയില്ല. മറിച്ച്, ദൈവത്തെ തെളിഞ്ഞ് കാണുന്ന കണ്ണാടിയായിട്ട് അവരെ കാണും. അതായത്, അവരെ കാണുന്ന ഓരോരുത്തരും അവരിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നവരായിരിക്കും. അവരുടെ ഉള്ളിൽനിന്ന് ദൈവികഗുണവും പ്രകടമായിക്കൊണ്ടിരിക്കും. ഇത് അല്ലാഹുവിന്റെ ആൾക്കാരാണെന്ന് അവരെ കാണുന്നവർക്ക് ബോധ്യമാകും. അവരുമായി ചെന്നുചേരുന്ന നാം പരിശുദ്ധരും അല്ലാഹുവിന്റെ ആത്മാർത്ഥരായ ദാസരുമായിരിക്കും.

ഇക്കാര്യമാണ് നമ്മുടെയും ഉദ്ദേശ്യലക്ഷ്യമായിരിക്കേണ്ടത്. ഇതിനായി നമ്മുടെ പരിശ്രമവും തുടർന്നുകൊണ്ടിരിക്കണം. അപ്പോഴാണ് നാം ആ ശുദ്ധീകരണ കർത്താവ് കൊണ്ടുവന്ന അധ്യാപനത്തിൽനിന്ന് യഥാർത്ഥമായ നിലയിൽ അനുഗ്രഹം പ്രാപിക്കുന്നത്. നബി(സ)യുടെ ജീവിതത്തിൽ, ശുദ്ധീകരണത്തിന്റെയും പവിത്രീകരണത്തിന്റെയും ഈ നിറം ആ മഹാത്മാവിന്റെ അധ്യാപനവും പരിശുദ്ധ ശക്തിപ്രഭാവവും കാരണത്താൽ സ്വഹാബാക്കളിൽ പിടിച്ചിരുന്നതായി നമുക്ക് കാണാൻ കഴിയും. അതും ഒരു പ്രത്യേക അടയാളമാണ്. അക്കാലത്തെ അറേബ്യൻ സമൂഹത്തിലുണ്ടായ ഈ വൻവിപ്ലവം ഈ മഹാനായ നബിയുടെ വലിയ ദിവ്യാത്ഭുതമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. കാട്ടാളന്മാരെ മനുഷ്യരാക്കി. മനുഷ്യരിൽനിന്ന് ധാർമ്മികതയോടുകൂടിയ മനുഷ്യരാക്കി. അതായത്, സത്യസന്ധവും യഥാർത്ഥവുമായ ധാർമ്മികതയുടെ മധ്യമനിലയുടെ കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്നവരാക്കി. പിന്നീട് ധാർമ്മികതയോടുകൂടിയ മനുഷ്യനിൽനിന്ന് ദൈവാനുഭൂതിയുണ്ടായിട്ടുള്ള ഭക്തനാക്കാൻ ദൈവികനിറം ചാർത്തി. വീണ്ടും ആ മഹാത്മാവ് പറയുന്നു: "ലോകം മരിച്ചിരുന്നു, എന്ന പ്രയോഗംകൊണ്ട് വിശുദ്ധഖുർആൻ നിറഞ്ഞുകിടക്കുന്നു. അല്ലാഹു തന്റെ ഖാത്തമുൽ അമ്പിയാഅ്(സ) ആയ ഈ നബിയെ അയച്ചുകൊണ്ട്, പുതിയരീതിയിൽ ലോകത്തെ ജീവിപ്പിച്ചു. അവൻ പറയുന്നു: ***ഇഅ്ലമൂ അന്നല്ലാഹ യുഹ്‌യിൽ അർള ബഅ്ദ മൗത്തിഹാ*** അതായത് ഇക്കാര്യം കേട്ടുകൊള്ളുക. ഭൂമിയെ അതിന്റെ മരണത്തിനുശേഷം അല്ലാഹു ജീവിപ്പിക്കുന്നു (57:18). പിന്നീട് ഇതനുസരിച്ച് നബി(സ) തിരുമേനിയുടെ സ്വഹാബികളെ(റ)ക്കുറിച്ച് പറയുന്നു. ***വ അയ്യദഹും ബിറൂഹിൻമ്മിൻഹു.*** അവരെ റൂഹുൽഖുദ്സുകൊണ്ട് സഹായിച്ചു (58:23). റൂഹുൽഖുദ്സുകൊണ്ടുള്ള സഹായം എന്നു പറയുന്നത്, മനസ്സുകളെ ജീവിപ്പിക്കുന്നു എന്നും ആത്മീയമരണത്തിൽനിന്നും മോചനം നല്കുന്നുവെന്നും പരിശുദ്ധമായ ശക്തികളും പരിശുദ്ധമായ ഇന്ദ്രിയാശകളും പരിശുദ്ധമായ അറിവുകളും നല്കുന്നുവെന്നുമാണ്. ദൃഢതരമായ അറിവുകളും, ഖണ്ഡിതമായ തെളിവുകളുംകൊണ്ട് അല്ലാഹുവിന്റെ സാമീപ്യസ്ഥാനംവരെ എത്തിക്കുന്നു."

ഇതാണ് ആ ശുദ്ധീകരണകർത്താവിന്റെ (മുസക്കി) പരിശുദ്ധമായ ശക്തിപ്രഭാവത്തിന്റെയും അധ്യാപനങ്ങളുടെയും സ്വാധീനശക്തി. കാട്ടാളന്മാരായവരെ, അവരുടെ ഹൃദയം പകയും വിദ്വേഷവുംകൊണ്ട് നിറഞ്ഞിരുന്നു. മദ്യം, ലഹരി, ചൂതാട്ടം, വ്യഭിചാരം തുടങ്ങിയ രോഗങ്ങളിൽ അകപ്പെട്ടുകഴിഞ്ഞിരുന്നു, സ്വന്തം പിതാവിന്റെ ഭാര്യമാരെപോലും അവർ അനന്തരാവകാശസ്വത്തായി വീതിക്കാറുണ്ടായിരുന്നു, നിസ്സാര കാര്യങ്ങളുടെമേൽ കോപാന്ധരാകുമായിരുന്നു, കൊലപാതകങ്ങളുടെ ബാസാർ ചൂടാകുമായിരുന്നു, പിന്നീട് ഈ പരമ്പര വർഷങ്ങളോളം നിലനില്ക്കുമായിരുന്നു. പക്ഷേ, അവർ ഇസ്‌ലാമിന്റെ മടിത്തട്ടിൽ വന്നുവീണപ്പോൾ, മറ്റുള്ളവരെക്കൊണ്ട് ത്യാഗങ്ങൾ ചെയ്യിച്ചിരുന്നവർ സ്വയം ത്യാഗങ്ങൾ ചെയ്യുന്നവരായിത്തീർന്നു. പകയും വിദ്വേഷവും കൊണ്ട് നിറഞ്ഞിരുന്നവർ, മാപ്പ് കൊടുക്കുന്നവരും വിട്ടുവീഴ്ചയോടെ പ്രവർത്തിക്കുന്നവരുമായിത്തീർന്നു. മദ്യത്തിന്റെ ലഹരിയിൽ ഉന്മാദനൃത്തം ചവിട്ടിയിരുന്നവരും വെള്ളംപോലെ മദ്യം കുടിച്ചിരുന്നവരും മദ്യം നിരോധിച്ചിരിക്കുന്നു എന്ന വിളംബരം കേട്ടപാടെ, ചുണ്ടുകളിൽ മുട്ടിയിരുന്ന മദ്യചഷകങ്ങളെ വലിച്ചെറിയുന്നവരായിത്തീർന്നു. വെള്ളം നിറയ്ക്കുന്ന പാത്രത്തിൽ, മദ്യം നിറച്ചുവെച്ചിരുന്നവർ, ഒറ്റ ശബ്ദം കേട്ടപ്പോൾ അവയെ തച്ചുതകർക്കുന്നവരായിത്തീർന്നു. മദീനയുടെ ഇടവഴികളിൽ മദ്യം വെള്ളംപോലെ ഒഴുകാൻ തുടങ്ങി. രാവും പകലും പാപങ്ങളും ദുഷ്കൃത്യങ്ങളും കൊണ്ട് നിറഞ്ഞവർ, മതസേവനത്തിനും ആരാധനയ്ക്കുമായി രാവും പകലും ഉണർന്നിരിക്കാൻ തുടങ്ങി. ഉത്സവമേളകളിൽ തിമിർത്താടിയിരുന്നവർ ഏകാന്തതയിൽ അല്ലാഹുവിന്റെ മുമ്പിൽ കരഞ്ഞുനിലവിളിക്കുന്നവരായിത്തീർന്നു. ഈ വിപ്ലവം അവരിലുണ്ടായത്, അവർ ആ ശുദ്ധീകരണകർത്താവിന്റെ പരിശുദ്ധശക്തിയിൽനിന്നും പരിശുദ്ധമായ അധ്യാപനങ്ങളിൽനിന്നും അനുഗ്രഹം പ്രാപിച്ചതുകൊണ്ടാണ്. അവർ ഒരു വികാരത്തോടും ആത്മാർത്ഥതയോടുംകൂടി അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിച്ചു. അപ്പോൾ അല്ലാഹു അവർക്ക് പരിശുദ്ധശക്തി നല്കി. ഇതുമുഖേന അവരുടെ ചിന്താഗതി മാറിപ്പോയി. തിന്മയെ തിന്മയെന്ന് മനസ്സിലാക്കാതിരുന്ന അതേ ഇന്ദ്രിയങ്ങൾ, നന്മയുടെ ഉന്നതനിലവാരം കരസ്ഥമാക്കാൻ ഉത്സുകരായിത്തീർന്നു.

അജ്ഞതയുടെ അന്ധകാരഭരിതമായ ഗർത്തത്തിൽ വീണുകിടന്നവർ, അറിവിന്റെയും ജ്ഞാനത്തിന്റെയും ഖജനാവുകളായിത്തീർന്നു. നബി(സ) തിരുമേനിയുടെ മജ്‌ലിസിന്റെ അനുഗ്രഹംകൊണ്ട്, സ്വന്തം ഹൃദയം മാത്ര മല്ല പരിശുദ്ധമായത് മറിച്ച്, അവർ അത് പരത്തുന്നവ രായിത്തീർന്നു. അല്ലാഹുവിന്റെ അസ്തിത്വത്തിൽ പൂർണ്ണമായ വിശ്വാസം അവർക്കുണ്ടായി. തെളിമയാർന്ന അടയാളങ്ങളാൽ അവർ തങ്ങളുടെ റബ്ബിനെ തിരിച്ചറി ഞ്ഞു. 360 ബിംബങ്ങൾക്കു പകരം ഏകനായ അല്ലാഹു വിന്റെ സത്തയിലുള്ള വിശ്വാസം ഓരോ ദിവസവും വളർന്നുകൊണ്ടിരുന്നു. ഓരോ ദിവസവും അവർ അല്ലാ ഹുവിന്റെ സത്തയെ പുതിയ പ്രൗഢിയോടെ കാണു കയും അറിയുകയും ചെയ്തു. ഇങ്ങനെ പരിശുദ്ധഹൃ ദയരായപ്പോൾ അല്ലാഹു വിളംബരം ചെയ്തു, ***വ അയ്യ ദഹും ബി റൂഹിൻമിൻഹു*** തന്റെ വചനം കൊണ്ട്, റൂഹുൽ ഖുദ്സുകൊണ്ട് അവരെ സഹായിച്ചു.

ഈ വിപ്ലവമാണ് അക്കാലത്തെ അജ്ഞരായ അറ ബികളിൽ ഈ മഹാനായ റസൂൽ ഉണ്ടാക്കിയത്. അനു പമമായ നിലയിൽ അവരെ ശുദ്ധീകരിച്ചു. നമുക്കറിയാം, ഈ മഹാനായ ദൂതന്റെ കാലഘട്ടം ഖിയാമത്തുന്നാൾവ രെയാണ്. അതുകൊണ്ട് ഈ അധ്യാപനത്തെ എപ്പോഴും യഥാർത്ഥമായ നിലയിൽ പ്രയോജനപ്പെടുത്തുന്നവരുടെ ശുദ്ധികർമ്മവും ഇതുമുഖേന നടന്നുകൊണ്ടിരിക്കുന്നു. നിഘണ്ടുവിൽ പറഞ്ഞിട്ടുള്ള അർത്ഥങ്ങൾ നാം കണ്ട താണ്. ***യുസക്കീഹിം*** എന്നതിന്റെ അർത്ഥം അവരുടെ അംഗസംഖ്യ കൂടുന്നതാണ് എന്നും ഉണ്ട്. അതായത്, ഈ ഗ്രന്ഥത്തിന്റെ അസാധാരണമായ സ്വാധീനശക്തി കൊണ്ട്, ജനങ്ങൾ അത് സ്വീകരിച്ചുകൊണ്ടേ പോകു ന്നതാണ്. അതായത് അദ്ദേഹത്തിന്നിറങ്ങിയ അസാധാ രണമായ ധർമ്മശാസ്ത്രഗ്രന്ഥത്തിന്റെ സ്വാധീനശക്തി കൊണ്ട്, ജനങ്ങൾ അതിനെ സ്വീകരിച്ചുകൊണ്ടേ പോകും. ഈ മഹാനായ റസൂലിന്റെ ദീൻ അതായത്, ഇസ്‌ലാംമതം സർവ്വമതങ്ങളേയും അതിജയിക്കുന്ന ഒരു കാലംവരും. അറേബ്യൻ സമൂഹത്തിൽ ആ മഹാത്മാവ് ഉണ്ടാക്കിയ ഈ മഹാവിപ്ലവം, ജനങ്ങളുടെ ചിന്താഗതി യിലുണ്ടാക്കിയ മാറ്റം, ഒരു ദിവസം കൊണ്ടുണ്ടായത ല്ല. ആദ്യ ദിവസംതന്നെ അറബികളെല്ലാം പരിശുദ്ധി യാർജ്ജിച്ചിരുന്നില്ല. പതുക്കെപ്പതുക്കെ ഈ അധ്യാപ നത്തിലൂടെ മാറ്റം വരികയാണ് ചെയ്തത്.

ചിലയാളുകളിൽ ശുദ്ധീകരണം സാധ്യമേയല്ലായിരു ന്നു. അല്ലാഹുതന്നെ അതെടുത്തു പറയുകയും ചെയ്തു. അവർ ശിക്ഷയ്ക്കു പാത്രമാകാൻ പോകുന്ന വരാണ്. മക്കയിൽ എതിർപ്പുകൾക്ക് ആക്കംകൂട്ടി യപ്പോൾ മദീനയിൽ അല്ലാഹു വഴി തുറന്നു. മെല്ലെ മെല്ലെ അറേബ്യ മുഴുവൻ ഇസ്‌ലാമിന്റെ മടിത്തട്ടിലേക്കു വീണു. അതിനാൽ, അല്ലാഹു തന്റെ വാഗ്ദാനമനുസ രിച്ച് ഇബ്റാഹീമിന്റെ പ്രാർത്ഥന കേട്ടുകൊണ്ട്, ആ മഹാനായ ദൈവദൂതൻ മുഖേന തലമുറയായി വഴി തെറ്റിക്കിടന്നവരെ നേരെയാക്കി. നബി(സ)ന്റെ പിതൃ വ്യനായ ഹദ്റത്ത് ഹംസ രണാങ്കണത്തിൽ ശഹീദായ പ്പോൾ അദ്ദേഹത്തിന്റെ കരളെടുത്തു കടിച്ച് പ്രതികാരം വീട്ടിയ സ്ത്രീയായിരുന്നു ഹിന്ദ. അവർ ഇസ്‌ലാം സ്വീക രിച്ച് പരിശുദ്ധഹൃദയത്തിനുടമയായപ്പോൾ, ആരാധനാ കർമ്മങ്ങളിൽ നിഷ്ഠയുള്ളവളായിത്തീർന്നു. ഈ കാഴ്ച കൾ നാം കാണുമ്പോൾ, ആ സംഭവങ്ങൾ കേൾക്കു മ്പോൾ അല്ലാഹുവിന്റെ വാഗ്ദാനം ഇന്നും പൂർത്തി യാകുമെന്നുള്ള ദൃഢവിശ്വാസത്തിൽ നാം എത്തിച്ചേ രുന്നു. അല്ലാഹു തന്റെ മസീഹ് മഹ്ദിയെ അയച്ചു കൊണ്ട് നബി(സ)ന്റെ മിഷന്റെ പൂർത്തീകരണത്തെക്കു റിച്ച് വിളംബരം ചെയ്തു. എവിടെയെങ്കിലും താൽക്കാ ലികമായ തടസ്സങ്ങൾ ജമാഅത്തിനുണ്ടാകുന്നുവെങ്കിൽ, അതൊരിക്കലും നിരാശ ഉളവാക്കുന്നതാകാൻ പാടി ല്ല. ഇസ്‌ലാമിന്റെ പ്രാരംഭകാല ചരിത്രം നോക്കുക! ഈ ശുദ്ധീകരണകർത്താവ് കൊണ്ടുവന്ന അധ്യാപനത്തെ അവർ മുറുകെപിടിച്ചപ്പോൾ- അല്ലെങ്കിൽ അവർ മുറു കെപ്പിടിച്ചിരുന്ന കാലമത്രയും അതായത്, യഥാർത്ഥ മായ നിലയിൽ അതനുസരിച്ച് പ്രവർത്തിച്ചുകൊണ്ടി രുന്ന കാലമത്രയും, ജനഹൃദയങ്ങളെ ജയിച്ചടക്കി ക്കൊണ്ട് അവരെ ഇസ്‌ലാമിന്റെ മടിത്തട്ടിലേക്ക് എടു ത്തിട്ടുകൊണ്ടേയിരുന്നു. അവരുടെ ശുദ്ധീകരണത്തി നുള്ള സാഹചര്യം ഒരുക്കിക്കൊണ്ടേയിരുന്നു.

ഇന്ന് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും നമ്മൾ അതേ കാഴ്ചകാണുന്നു. നമ്മുടെ ജോലി നമ്മുടെ ആത്മാവിന്റെ ശുദ്ധീകരണത്തിനായി ആ അധ്യാപനങ്ങൾ നമ്മളിൽ നടപ്പിൽ വരുത്തുക എന്ന താണ്. പിന്നെ, ലോകം എത്ര ശക്തിചെലുത്തിയാലും ഈ ദൈവികവാഗ്ദാനത്തെ നമ്മളിൽനിന്നകറ്റാൻ അവർക്ക് സാധിക്കുകയില്ല. ഈ ദീൻ വിജയിക്കേണ്ട തുതന്നെയാണ്.

പാക്കിസ്ഥാനിൽ അഹ്മദികൾക്കെതിരിൽ നിയമം പാസാക്കിയതുകൊണ്ട് ജമാഅത്തിന്റെ പുരോഗതി നില ച്ചുവോ? ഓരോ അഹ്മദിക്കും അറിയാം. നിലച്ചുപോ കുന്ന കാര്യമവിടെ നില്ക്കട്ടെ, വളരെ ദ്രുതഗതിയിൽ കുതിച്ചുച്ചാടിക്കൊണ്ട് ജമാഅത്ത് വളരുകയാണ് ചെയ്തത്. അത്തരമൊരു കുതിച്ചുച്ചാട്ടത്തെക്കുറിച്ച് ചിന്തിക്കാനെ സാധിച്ചിരുന്നില്ല. അതുകൊണ്ട് ഇന്ന് ഏതെല്ലാം രാജ്യങ്ങളിൽ ജമാഅത്തിന്നെതിരിൽ എതിർപ്പുകൾ ശക്തിപ്പെടുന്നുണ്ടോ, അവിടുത്തെ അഹ്മദികൾ വിഷമിക്കേണ്ട ഒരു കാര്യവുമില്ല. ഇൻശാ അല്ലാഹ് ഒരു വഴി അടയുമ്പോൾ ആയിരക്കണക്കിനു വഴികൾ അല്ലാഹു തുറക്കുന്നതാണ്. ഇന്തോനേഷ്യയിൽ ഈയ്യിടെ മുല്ലാക്കമാരുടെ സമ്മർദ്ദത്തിനുവഴങ്ങി ഭര

ണകൂടം ജമാഅത്തിന്റെമേൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. നമ്മുടെ വീക്ഷണത്തിലില്ലാത്ത കാര്യങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നു. ഞാൻ ഇന്തോനേഷ്യൻ അഹ്മദികളോടും പറയുന്നു, സർക്കാർ അവരുടെ ഭീരുത്വത്തിന്റെ ഫലമായി, ജമാഅത്തിനുമേൽ നിയന്ത്രണം ഏർപ്പെടുത്തുകയാണെങ്കിൽ, മുല്ലാക്കമാരെ ഭയന്നുകൊണ്ട് നിയന്ത്രണം ഏർപ്പെടുത്തുകയാണെങ്കിൽ, ഏർപ്പെടുത്തിക്കൊള്ളട്ടെ. അതുനല്ലതാണ്. കാരണം പരിശുദ്ധന്മാരുടെ ജമാഅത്ത് കൂടുതൽ പുറത്തുചാടി ലോകത്തിനു മുമ്പിൽ വരും. ഇതുമുഖേന ജമാഅത്തിനു ഒരു നഷ്ടവുമുണ്ടാവുകയില്ലെന്ന് കരുതി തൃപ്തിപ്പെടുക. ജമാഅത്തിന്റെ ഇന്നുവരെയുള്ള ചരിത്രം സാക്ഷിയാണ്, ഓരോ വഴി തടസ്സവുമുണ്ടാകുമ്പോൾ ജമാഅത്ത് പൊങ്ങിപ്പറക്കുകയാണ് ചെയ്തിട്ടുള്ളത്. അതിനാൽ നാം പൂർണ്ണമായ ഉൾക്കാഴ്ചയോടെ വിളംബരം ചെയ്യുകയാണ്, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) നബി(സ) പ്രവചനം ചെയ്ത ആ മസീഹും മഹ്ദിയും തന്നെയാണ്; ഈ അന്ധകാര കാലഘട്ടത്തിൽ ഹൃദയങ്ങളെ ശുദ്ധീകരിച്ച് അവയ്ക്ക് വെളിച്ചം നല്കാനും അല്ലാഹുവുമായിട്ട് അവരെ ചേർക്കാനും വേണ്ടി ആഗതരായ മസീഹ് മഹ്ദി. ആ നിലയിൽ നബി(സ)യുടെ ദാസത്വത്തിൽ വന്ന കാരണത്താൽ അല്ലാഹു ശരീഅത്തില്ലാത്ത നബി എന്ന സ്ഥാനവും ആ മഹാത്മാവിന് നല്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആ മഹാത്മാവ് നബിയാണ്. ഇന്ന് ഹൃദയങ്ങളുടെ ശുദ്ധീകരണം നബി(സ) തിരുമേനിയുടെ സത്യസന്ധനായ ഈ പ്രേമിയുമായി ബന്ധപ്പെട്ടാണ് നടക്കേണ്ടത്. ഇൻശാഅല്ലാഹ്. അംഗസംഖ്യയിലും സമ്പത്തിലും വളരേണ്ട ഒരേയൊരു ജമാഅത്ത് ഇതുതന്നെയാണ്. അത് വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ലോകത്തെ ഒരു ശക്തിയ്ക്കും അതിന്റെ വളർച്ചയെ തടഞ്ഞുനിറുത്താൻ സാധിക്കുകയില്ല. കാരണം ഇത് യഥാർത്ഥ ശുദ്ധീകരണകർത്താവിന്റെ സത്യസന്ധനായ പ്രേമിയുടെ ജമാഅത്താണ്.

അതിനാൽ, എവിടെയൊക്കെ എതിർപ്പുകൾ ഉണ്ടാകുന്നുണ്ടോ, ഞാനവിടുത്തുകാരോട് പറയുകയാണ്, നിങ്ങൾ തളരരുത്. ധൈര്യത്തോടെ മുന്നോട്ടുകുതിക്കുക. ഏതെങ്കിലും എതിർപ്പുകണ്ട് പരിഭ്രമചിത്തരാകുന്നതിനു പകരം സ്വന്തം ഹൃദയങ്ങൾ പരിശുദ്ധമാക്കുന്നതിനുള്ള സാധനസാമഗ്രികൾ ഒരുക്കിക്കൊണ്ട് മുന്നോട്ടു കുതിക്കുക. ആ ശുദ്ധീകരണകർത്താവിന്റെ അധ്യാപനങ്ങളിൽ നിന്ന് കൂടുതൽ അനുഗ്രഹം തേടാൻ പരിശ്രമിച്ചുകൊണ്ടേയിരിക്കുക. ഹൃദയം എത്രത്തോളം പരിശുദ്ധമാകുമോ, റൂഹുൽഖുദ്സിന്റെ രക്ഷണം ഉണ്ടായിക്കൊണ്ടേയിരിക്കും. ഇൻശാഅല്ലാഹ്. അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച്, നമ്മുടെ അംഗസംഖ്യയും വർദ്ധിച്ചുകൊണ്ടേപോകും. അതിനാൽ '***യുസക്കീ***' എന്ന പദത്തിൽ ചിന്തിച്ചുകൊണ്ട് പ്രവർത്തിക്കേണ്ടത് ഒരു മുഅ്മിന്റെ നിർബന്ധകടമയാണ്. അതുമുഖേന നാം ഇൻശാഅല്ലാഹ് ആത്മീയവും ഭൗതികവുമായ രണ്ടുതരത്തിലും പുരോഗതി പ്രാപിച്ചുകൊണ്ടേപോകും. ഇതുസംബന്ധമായി വിശുദ്ധഖുർആൻ നമ്മോട് എന്തൊന്നു കല്പിക്കുന്നുവോ, നബി(സ) തിരുമേനി എന്തൊന്ന് ഉപദേശിച്ചുവോ അതെല്ലാം മുന്നിൽവയ്ക്കേണ്ടതാണ്. ഇതു സാധ്യമാകുന്നത് നാം വിശുദ്ധഖുർആനിൽ ചിന്തിക്കുന്നവരും നിത്യവും അത് പാരായണം ചെയ്യുന്നവരുമാകുമ്പോഴാണ്. ഹൃദയശുദ്ധീകരണത്തെപ്പറ്റി പറഞ്ഞിട്ടുള്ള ചില കല്പനകൾ ഞാൻ കേൾപ്പിക്കാം.

ഏതുസമൂഹത്തിലേയും സമ്പന്നരിൽ അവരുടെ സമ്പത്തു കാരണം അഹങ്കാരമുണ്ടാകാറുണ്ട് എന്നാണ് ഒന്നാമതായി ഞാൻ പറയാനാഗ്രഹിക്കുന്നത്. സമ്പത്ത് വർദ്ധിക്കുന്നതിനോടൊപ്പം അത്യാഗ്രഹവും കൂടുന്നു. വ്യക്തിഗതമായ തന്റെ ഖജനാവ് നിറയ്ക്കുന്നതിലേക്ക് എപ്പോഴും ശ്രദ്ധയുണ്ടാകുന്നു. ചിലപ്പോൾ മറ്റുള്ളവരുടെ അവകാശം പിടിച്ചെടുത്തും തങ്ങളുടെ ഖജനാവ് നിറയ്ക്കാൻ ശ്രമിക്കുന്നു. നിസ്സാരകാര്യമുണ്ടാക്കിയെടുത്ത് ദരിദ്രരുടെ അവകാശം കൊള്ളയടിക്കുന്നു. എങ്ങനെ തൊഴിലാളികൾക്ക് വേതനം കുറച്ചുകൊടുക്കാം എന്ന തന്ത്രങ്ങൾ തിരഞ്ഞുനടക്കുന്ന ചിലരെ ഞാൻ കണ്ടിട്ടുണ്ട്. ഇസ്‌ലാം ഇക്കാര്യങ്ങൾ ഇഷ്ടപ്പെടുന്നില്ല. എന്നല്ല, ഇത് അക്രമമാണ്. അക്രമം വലിയ പാപമാണ്. ഹദ്റത്ത് ജാബിർ(റ) നിവേദനം ചെയ്യുന്നു, നബി(സ) പറഞ്ഞു: "അക്രമത്തിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. അക്രമം ഖിയാമത്തുന്നാൾ അന്ധകാരമായി മുന്നിൽവരും. അത്യാഗ്രഹത്തിൽനിന്നും പിശുക്കിൽനിന്നും പകയിൽനിന്നും രക്ഷപ്പെട്ടുകൊള്ളുക. കാരണം മുമ്പേയുള്ളവരെ നശിപ്പിച്ചത് അത്യാഗ്രഹവും പിശുക്കും പകയുമാണ്. ഇത് അവരെ കൊലപാതകത്തിന് പ്രേരിപ്പിച്ചു. അവരെക്കൊണ്ട് ആദരണീയവസ്തുക്കളെ അപമാനിച്ചു."

ഹദ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ദരിദ്രൻ ആരാണെന്ന് നിങ്ങൾക്കറിയുമോ? രൂപയും സാധനസാമഗ്രികളും ഒന്നുമില്ലാത്തവൻ എന്ന് ഞങ്ങൾ പറഞ്ഞു. മറ്റുള്ളവരെ ചീത്തപറയുകയും അപവാദം പറഞ്ഞുപരത്തുകയും പണം പിടിച്ചുപറിക്കുകയും രക്തമൊഴുക്കുകയും കൊല നടത്തുകയും ചെയ്തുകൊണ്ട് നമസ്കാരം, നോമ്പ് തുടങ്ങിയ ആരാധനാകർമ്മങ്ങളുമായി ഖിയാമത്തുന്നാളിൽ വരുന്നവനാണവൻ. അവനാണ് എന്റെ സമുദായത്തിലെ ദരിദ്രൻ. അതുകൊണ്ട് ആ മർദ്ദിതർക്ക് അവരുടെ നന്മ നല്കപ്പെടും. ആ മനുഷ്യന്റെ എല്ലാ ആരാധനാകർമ്മങ്ങളും ആ മർദ്ദിതരുടെ ഭാഗത്തേക്ക് പൊയ്പ്പോകും; അവരുടെ അവകാശങ്ങൾ കൊടുത്തു വീട്ടുന്നതിനുമുമ്പേ അവന്റെ നന്മ തീർന്നുപോയാൽ,

അവരുടെ പാപവും അവന്റെ പേരിൽ ഇടപെടും. ഇങ്ങനെ സ്വർഗ്ഗത്തിനു പകരം അവനെ നരകത്തിലിടുന്നതാണ്. ഇവനാണ് യഥാർത്ഥത്തിൽ ദരിദ്രൻ.” അത്തരക്കാർ ആരാധനകൾ നിർവഹിക്കാറുണ്ട്. ചിലപ്പോൾ ജമാഅത്തിയായ നിലയിൽ നല്ലതായിരിക്കും. പക്ഷേ, മറ്റുള്ളവരുടെ അവകാശം കവർന്നെടുക്കുന്നവരായിരിക്കും. അത്തരക്കാർ അക്രമികളാണ്. അവരെക്കുറിച്ചാണ് ഈ ഹദീഥിൽ പറഞ്ഞത്. ഇതേ അക്രമം കാരണത്താൽ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകുമ്പോൾ, ദരിദ്രരായ നിലയിലായിരിക്കും ഹാജരാകുക. പരിശുദ്ധി വെറും ബാഹ്യമായ കാര്യങ്ങളാൽ ഉണ്ടാകുകയില്ല; മറിച്ച്, ഹൃദയത്തിന്റെ അവസ്ഥ പരിശുദ്ധമാക്കി നിറുത്തുന്നതിലൂടെയാണ്. ഹൃദയങ്ങളുടെ പരിശുദ്ധി, ആരാധനാകർമ്മങ്ങളോടൊപ്പം ജനങ്ങളോടുള്ള കടമയും നിറവേറ്റുന്നതിലൂടെയാണ് ഉണ്ടാകുന്നത്. അതുകൊണ്ട് സമ്പന്നർ ദരിദ്രരോടുള്ള കടമ നിറവേറ്റിക്കൊണ്ട്, അവർക്കായി സാമ്പത്തികത്യാഗം ചെയ്യുക എന്നത് തങ്ങളെ ശുദ്ധീകരിക്കുന്നതിന് കാരണമായിത്തീരുന്നു. അല്ലാഹു പറയുന്നു:

***ഖുദ് മിൻ അംവാലിഹിം സ്വദഖത്തൻ തുത്വഹ്ഹിറുഹും വ തുസക്കീഹിം ബിഹാ.*** അല്ലാഹു പറയുന്നു, റസൂലേ! നീ അവരുടെ ധനത്തിൽനിന്ന് ദാനധർമ്മങ്ങൾ വാങ്ങുക. അതുവഴി നീ അവരെ ആത്മീയമായി ശുദ്ധീകരിക്കുകയും അവരുടെ അഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങൾ ഒരുക്കുകയുമാണ് ചെയ്യുന്നത് (9:103).

അതായത് ഈ ദാനധർമ്മം, സത്യവിശ്വാസികളുടെ ധനത്തിലും അനുഗ്രഹമുണ്ടാക്കുന്നതിന് കാരണമാകും. അവരുടെ ആത്മാവിലും അനുഗ്രഹം ഉണ്ടാക്കുന്നതിന് കാരണമാകും; നിഷ്ക്കളങ്കമായി അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ വേണ്ടിമാത്രം അത് നല്കണമെന്നേയുള്ളൂ. സമ്പന്നരിൽനിന്നു വാങ്ങിയ ഈ ധനം ദരിദ്രർക്ക് വിതരണം ചെയ്യുക. അത് ആ ദുർബലജനവിഭാഗത്തിന്റെ ധനത്തിൽ വർദ്ധനവുണ്ടാക്കാനും കാരണമായേക്കാം. ഈ ദരിദ്രരിൽ പലരുടേയും അവസ്ഥ നന്നായിത്തീരുന്ന കാരണത്താൽ, അവരും തങ്ങളുടെ ധനം ശുദ്ധീകരിക്കുന്നതിനുവേണ്ടി ചെലവഴിക്കുന്നവരായിത്തീരും. സക്കാത്ത് കൊടുക്കുന്നവരായിത്തീരാം. ഈ പരിശുദ്ധരായ നബി മുഖേന അല്ലാഹു നമുക്കായി ഇറക്കിത്തന്ന പരിശുദ്ധ അധ്യാപനമാണിത്. അത് പരിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലൂടെ ശുദ്ധീകരണത്തിന്റെ ശരിയായ ഉൾസാരം മനസ്സിലാകുന്നുണ്ട്. വെറും സദഖയും ചന്ദയും കൊടുക്കുക എന്നു മാത്രമല്ല പറഞ്ഞത്. പ്രത്യുത എവിടെയെല്ലാം അത് ചെലവഴിക്കപ്പെടും എന്നും പറഞ്ഞിരിക്കുന്നു. അല്ലാഹു പറയുന്നു:

إِنَّمَا الصَّدَقٰتُ لِلْفُقَرَآءِ وَالْمَسٰكِيْنِ وَالْعٰمِلِيْنَ
عَلَيْهَا وَالْمُؤَلَّفَةِ قُلُوْبُهُمْ وَفِي الرِّقَابِ وَالْغٰرِمِيْنَ
وَفِيْ سَبِيْلِ اللّٰهِ وَابْنِ السَّبِيْلِ ۖ فَرِيْضَةً مِّنَ اللّٰهِ ۗ
وَاللّٰهُ عَلِيْمٌ حَكِيْمٌ ﴿٦٠﴾

ദാനധർമ്മങ്ങൾ ദരിദ്രർക്കും അഗതികൾക്കും സക്കാത്ത് വസൂൽ ചെയ്യാൻ പ്രവർത്തിക്കുന്നവർക്കും തങ്ങളുടെ ഹൃദയങ്ങൾ ഇണക്കപ്പെടുന്നവർക്കും അടിമകളെ സ്വതന്ത്രമാക്കുന്ന കാര്യത്തിലും കടംകൊണ്ട് വിഷമിക്കുന്നവർക്കം അല്ലാഹുവിന്റെ മാർഗ്ഗത്തിലും വഴിയാത്രക്കാർക്കും മാത്രമുള്ളതാണ്. അല്ലാഹുവിൽനിന്നുള്ള ഒരു നിർബന്ധനിയമമാണത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിജ്ഞനുമാകുന്നു (9:60).

കടമകൾ നിറവേറ്റുന്നതിനുള്ള ഇസ്‌ലാമിക ഭരണ വ്യവസ്ഥിതിയുടെ ചുമതലയാണ് ഇതിൽ പറയപ്പെട്ടിരിക്കുന്നത്. ആദ്യം പറഞ്ഞത് ദരിദ്രർക്കായി ചെലവഴിക്കുക എന്നാണ്. അതായത് അങ്ങേയറ്റം ദാരിദ്ര്യത്തിൽ കഴിയുന്നവരേയും ചികിത്സ നടത്താൻ കഴിവില്ലാത്ത രോഗികളേയും, എന്തെങ്കിലും ചെയ്യാനാഗ്രഹിക്കുന്നുണ്ടെങ്കിലും മൂലധനമില്ലാത്തതുകൊണ്ട് അത് ചെയ്യാൻ കഴിയാത്ത അഗതികളേയും സഹായിക്കുക. അവരെ സാമ്പത്തികമായി സഹായിക്കുകയാണെങ്കിൽ ധാരാളം ദുഷ്കർമ്മങ്ങളിൽനിന്ന് അവർ രക്ഷപ്പെടും. പരിശുദ്ധമായ സമൂഹത്തിന്റെ ഭാഗമായിത്തീരും. ഈ സക്കാത്തിൽനിന്ന് സർക്കാരിൽനിന്ന് ഇതിന്റെ പ്രവർത്തനത്തിനായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർക്കും ലഭിക്കുന്നതാണ്. പിന്നീട് ഹൃദയം ഇണക്കപ്പെട്ടവരാണ്. അവർക്കുവേണ്ടിയും ചെലവഴിക്കേണ്ടതാണ്. ഇസ്‌ലാം സ്വീകരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചവരിലും ഈ പണം ചെലവഴിക്കപ്പെട്ടിരുന്നു. കാരണം ചില നിർബന്ധകാരണത്താൽ അവർക്ക് ഇസ്‌ലാം സ്വീകരിക്കാൻ കഴിഞ്ഞിരുന്നില്ല. സമൂഹത്തിന്റെ ചില നിയന്ത്രണങ്ങളിൽ ഞെരുങ്ങിക്കഴിയുകയായിരുന്നു അവർ. പുതിയതായി ഇസ്‌ലാം സ്വീകരിച്ച കാരണത്താൽ സമൂഹത്തിൽനിന്നുണ്ടായ എതിർപ്പുകാരണം ചിലർക്ക് സാമ്പത്തികമായ ബുദ്ധിമുട്ടം ഉണ്ടായിരുന്നു. അത്തരക്കാർക്കുവേണ്ടി ഈ പണം ചെലവഴിക്കപ്പെടാവുന്നതാണ്. ഇതിന്റെ അർത്ഥം, ഇസ്‌ലാം പണം കൊടുത്ത്, മുസ്‌ലിംകളാക്കുന്നു എന്നതല്ല. നിർബന്ധിതരായവർ, ഇതിനുവേണ്ടി ആവശ്യപ്പെടുമ്പോഴാണ് ഇത് കൊടുക്കുക. അതായത് തങ്ങൾക്ക് ചില നിർബന്ധിതാവസ്ഥ വന്നുപെട്ടിരിക്കുന്നുവെന്നും, സാമ്പത്തികമായി വളരെ ബുദ്ധിമുട്ടാണെന്നും ഈ പരിതസ്ഥിതിയിൽനിന്ന് തങ്ങളെ മോചിപ്പിക്കണമെന്നും എന്നാൽ, തങ്ങൾക്ക് ഇസ്‌ലാം സ്വീകരിക്കാൻ കഴിയുമെന്നും

അവർ പറയണം. അവർക്കുവേണ്ടി ഈ പണം ചെലവഴിക്കപ്പെടാവുന്നതാണ്. ഇവർക്ക് തബ്ലീഗ് ചെയ്യാനുള്ള സാഹചര്യമൊരുക്കുന്നതും ഇതിൽപെടും. 'ഹൃദയം ഇണക്കപ്പെട്ടവർ' എന്നതിൽ ഇക്കാര്യങ്ങളെല്ലാം പെടുന്നു.

അടിമകളെ മോചിപ്പിക്കുക. അക്കാലഘട്ടത്തിൽ അടിമകളെ വെയ്ക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. ഇക്കാലത്ത് ഈ സമ്പ്രദായമില്ല. പക്ഷേ, നിർഭാഗ്യമെന്നു പറയട്ടെ ചില സമ്പന്നരായവർ പാവപ്പെട്ടവർക്ക് കടം കൊടുത്തുകൊണ്ട് തങ്ങളുടെ അടിമയാക്കിവയ്ക്കാറുണ്ട്. അവർക്ക് കടം വീട്ടാനും കഴിയില്ല. ജീവിതാവസാനംവരെ അടിമയെന്നപോലെ തൊഴിലെടുക്കേണ്ടിയും വരുന്നു. പാക്കിസ്ഥാനിലും ഇത് ധാരാളം കാണാം. ഇപ്പോൾ ഇതിന്നെതിരിൽ ശബ്ദമുയരാൻ തുടങ്ങിയിട്ടുണ്ട്. പക്ഷേ, അവരെ സ്വതന്ത്രരാക്കേണ്ടത് ഭരണകൂടത്തിന്റെ ജോലിയാണ്. മുതലാളിക്കും തൊഴിലാളിക്കും നഷ്ടമുണ്ടാകാത്തവിധത്തിൽ പ്രശ്നം പരിഹരിക്കേണ്ടതാണ്; പരിശുദ്ധി ഉണ്ടാക്കുന്നതിനുപകരം കലാപം സൃഷ്ടിക്കുന്നരീതിയിലുള്ള പ്രശ്നപരിഹാരമാകരുത് അത്.

വ്യവസായത്തിൽ നഷ്ടമുണ്ടായിട്ടുള്ളവർക്കും ഈ തുകയിൽനിന്ന് ചെലവഴിക്കാവുന്നതാണ്. അല്ലാഹുവിന്റെ വഴിയിൽ പൊതുവായിട്ടും ഈ തുക ചെലവഴിക്കാം. അതായത് സക്കാത്ത് തുക അല്ലാഹു കല്പിച്ചിട്ടുള്ള ഓരോ നല്ല കാര്യത്തിനും വേണ്ടി ചെലവഴിക്കാവുന്നതാണ്. യാത്രക്കാർക്കുവേണ്ടി ചെലവഴിക്കാവുന്നതാണ്. ചിലപ്പോൾ പണം കുറവായ കാരണത്താൽ വഴിയിൽ കുടുങ്ങിപ്പോകുന്ന യാത്രക്കാർ. അല്ലെങ്കിൽ അറിവ് തേടി ഇറങ്ങിപ്പുറപ്പെട്ടയാളുകൾ. അവർക്ക് പണമില്ലായെങ്കിൽ, അവർക്കായി ചെലവഴിക്കാവുന്നതാണ്. ഈ എല്ലാ കല്പനയും സമൂഹത്തെ ശുദ്ധീകരിക്കുന്നതിനായി അല്ലാഹുതആല നബി(സ) തിരുമേനിയ്ക്കിറക്കിയ ഗ്രന്ഥത്തിലൂടെ നമുക്കെത്തിച്ചുതന്നു. ഇസ്ലാമിക ഭരണകൂടങ്ങൾ സദുദ്ദേശ്യത്തോടെ ഇതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ, ഇസ്ലാമിനേയും മുസ്ലിംകളേയും സംബന്ധിച്ച ഒരു ഭാവന ലോകത്തുണ്ടാകും. മറ്റൊരു വ്യവസ്ഥിതിക്കും ഇത് പ്രാവർത്തികമാക്കാൻ കഴിയുകയില്ലെന്ന് അവർ മനസ്സിലാക്കുകയും ചെയ്യും. ഇസ്ലാമിന്റെമേൽ ഉന്നയിക്കപ്പെടുന്ന ഓരോ ആക്ഷേപവും മാഞ്ഞുകൊണ്ടേപോകും. കാരണം ഇതിന്നെതിരിൽ, മതപരമായതോ, ഭൗതികപരമായതോ ആയ ഒരു അധ്യാപനവുമില്ല. ഇസ്ലാമിന്റെ സാമ്പത്തികവ്യവസ്ഥിതി, അത് പലിശരഹിതമാണ്. പരിശുദ്ധഹൃദയരായിക്കൊണ്ട് ജനങ്ങളോടുള്ള കടമ നിറവേറ്റുന്നതിനു വേണ്ടിയിട്ടുള്ളതാണ്. അതുകൊണ്ട് അനാവശ്യമായ ഭാരവും ആർക്കും ഉണ്ടാകുകയില്ല. ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ തങ്ങളുടെ കഴിവിനുള്ളിൽ നിന്നുകൊണ്ട് മൊത്തത്തിൽ ഇതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുന്നു. പക്ഷേ, നമുക്കിതിനുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്. അതുകൊണ്ട് ആഗ്രഹമുണ്ടെങ്കിലും പൂർണ്ണമായും നടപ്പിൽവരുത്താൻ കഴിയുന്നില്ല. പക്ഷേ, യഥാർത്ഥരീതിയിലുള്ള ഭരണകൂടങ്ങളാണെങ്കിൽ, അവരുടെ പക്കൽ പല മാർഗ്ഗങ്ങളും കഴിവുകളും ഉണ്ടാകും. അവർക്കിത് നല്ലവണ്ണം ചെയ്യാൻ സാധിക്കും.

പാക്കിസ്ഥാന്റെ പക്കലുള്ള മാർഗ്ഗങ്ങളും ശരിയായ നിലയിൽ വിനിയോഗിക്കുകയാണെങ്കിൽ, പാക്കിസ്ഥാനിൽ ദാരിദ്ര്യമെന്ന പ്രശ്നമെ ഉദിക്കുകയില്ല. വിശുദ്ധ ഖുർആന്റെ അധ്യാപനം വളരെ മനോഹരമായ ഒരു അധ്യാപനമാണ്. അത് എല്ലാ വശത്തൂടെയും സമൂഹത്തെ ശുദ്ധീകരിക്കുന്നു. ഇസ്ലാമിക ഭരണത്തിൻ കീഴിൽ വസിക്കുന്നവർ, മുസ്ലിംകൾ മാത്രമല്ല. പ്രത്യുത, അമുസ്ലിംകൾക്കും ശുദ്ധീകരണത്തിൽ അധിഷ്ഠിതമായ ഈ സാമ്പത്തിക വ്യവസ്ഥിതിയിൽനിന്ന് ഫലമെടുക്കാവുന്നതാണ്. ശുദ്ധീകരണം കൊണ്ടുള്ള ഉദ്ദേശ്യം ബാഹ്യമായ വൃത്തിയും കൂടിയാണ്. അല്ലാഹു പറയുന്നു: ***ഇന്നല്ലാഹ യുഹിബ്ബുത്തവ്വാബീന വയുഹിബ്ബുൽ മുത്തത്വഹ്ഹിരീൻ*** അല്ലാഹുതആല പശ്ചാത്തപിച്ചു തന്നിലേക്ക് മടങ്ങിക്കൊണ്ടിരിക്കുന്നവരേയും ബാഹ്യവും ആന്തരികവുമായി പരിശുദ്ധി കൈവരിക്കുന്നവരെയും സ്നേഹിക്കുന്നു (2:223).

അല്ലാഹുവിന്റെ തിരുസന്നധിയിൽ തൗബ ചെയ്തുകൊണ്ട് കുനിയുകയും തെറ്റുകളിൽ ലജ്ജിതനായി പൊറുക്കലിനെ തേടുകയും ചെയ്യുന്നത് ഹൃദയപരിശുദ്ധിയ്ക്ക് കാരണമായിത്തീരുന്നു. മറ്റൊന്ന് അല്ലാഹു ബാഹ്യമായ പരിശുദ്ധിയെക്കുറിച്ചും പറയുന്നുണ്ട്. വൃത്തിയേയും വെടിപ്പിനേയും കുറിച്ച് പ്രത്യേകമായ നിലയിൽ നിർദ്ദേശിച്ചിരിക്കുന്നു. പള്ളിന്റെ ശുദ്ധി, വസ്ത്രശുദ്ധി, ശരീരശുദ്ധി, പരിസരശുദ്ധി. ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനും ബാഹ്യമായ ശുദ്ധി, അതായത്, വുളു (അംഗസ്നാനം) നിർബന്ധമാക്കിയിരിക്കുന്നു.

പക്ഷേ, നമ്മുടെ ഇവിടുത്തെ മുസ്ലിംകളുടെ വൃത്തിയുടെ നിലവാരം, ഈ ഉപദേശത്തിന്നനുസരിച്ച് ഉയർന്നിട്ടില്ല. നബി(സ) ജുമുഅ ദിവസം കുളിക്കാനും സുഗന്ധം പൂശാനും പ്രത്യേകമായ നിലയിൽ കല്പിച്ചിരിക്കുന്നു. പള്ളിയിൽ ദുർഗന്ധം ഉണ്ടാക്കുന്ന വസ്തുക്കൾ തിന്നുകൊണ്ട് വരരുതെന്ന് പറഞ്ഞു.

**പരിസരശുദ്ധി**. പാക്കിസ്ഥാനുൾപ്പെടെയുള്ള ദരിദ്രരാഷ്ട്രങ്ങൾ മനസ്സിലാക്കുന്നത് ദാരിദ്ര്യമുണ്ടെങ്കിൽ, അവിടെ നിർബന്ധമായും മാലിന്യവുമുണ്ടായിരിക്കണമെന്നാണ്. വാസ്തവത്തിൽ പരിസരശുദ്ധിയും ദാരിദ്ര്യവുമായി ഒരു ബന്ധവുമില്ല. നബി(സ) പറഞ്ഞു: ***അത്ത്വഹൂറുശത്റുൽഈമാൻ***. ശുദ്ധി ഈമാന്റെ ഭാഗമാണ്. ഹദ്റത്ത് അബൂ മൂസാ അശ്അരി(റ) നിവേദനം ചെയ്യു

ന്നു. നബി(സ) പറഞ്ഞു: ***അത്ത്വഹൂറുശത്‌റുൽ ഈമാൻ.*** ശുദ്ധിയോടും വെടിപ്പോടുംകൂടി ഇരിക്കുക എന്നത് ഈമാന്റെ ഒരു ഭാഗമാണ്.

അത്വാഅ്ബിൻ സയ്യാദ് വിവരിക്കുന്നു. നബി(സ) ഒരിക്കൽ പള്ളിയിലിരിക്കുകയായിരുന്നു. ചീകി ഒതുക്കാത്ത മുടിയും താടിയുമായിട്ടുള്ള ഒരാൾ വന്നു. നബി(സ) ആംഗ്യത്തിലൂടെ അയാൾക്ക് മനസ്സിലാക്കിക്കൊടുത്തു കൊണ്ടുപറഞ്ഞു. തലയിലേയും താടിയിലേയും രോമങ്ങൾ ചീകിയൊതുക്കുക. തലമുടി ചീകിയൊതുക്കി അയാൾ വന്നപ്പോൾ നബി(സ) പറഞ്ഞു: ഈ രൂപമാണോ നല്ലത്. അതോ ശയ്ത്വാനെന്നും ഭൂതമെന്നും തോന്നുംവിധമുള്ള ആദ്യത്തെ രൂപമോ നല്ലത്.

ഈയ്യിടെയായിട്ട് നമ്മുടെ ഇവിടെയുള്ള ചിലയാളുകൾ കരുതുന്നത്, അല്ലാഹുവിന്റെ തൃപ്തി കിട്ടാൻ മുടിയും താടിയും വസ്ത്രങ്ങളുമെല്ലാം അഴുക്കുപുരണ്ടതായിരിക്കണമെന്നാണ്. അവരിൽനിന്ന് നാറ്റവും ഉണ്ടാകണമത്രെ. ഈ ചിന്താഗതിയെ ഞാൻ കേൾപ്പിച്ച ഹദീഥ് ഖണ്ഡിക്കുന്നു. ഈയിടെ ഇവിടെയും എനിക്ക് കാണാൻ കഴിഞ്ഞു, ചിലപ്പോൾ നടന്നിട്ടു വരുമ്പോൾ, ഇവിടുത്തെ തദ്ദേശിയരായ കുട്ടികളല്ല, പാക്കിസ്ഥാനിലെ കുട്ടികൾ- ചില അഹ്മദികുട്ടികളും ഉറക്കത്തിൽനിന്നെഴുന്നേറ്റ് പോകുന്നുവെന്ന് തോന്നുമാറ് സ്കൂളിൽ പോകുന്നു. കുട്ടികളുടെ ശിക്ഷണം നല്ലരീതിയിൽ നിർവഹിക്കേണ്ടതാണ്. ഈ പ്രായത്തിലാണ് അവർ ഇതുൾക്കൊള്ളുന്നത്. രാവിലെ എഴുന്നേല്പിക്കുക. ഒരുക്കുക. മുടി ചീകിയൊതുക്കുക, കൈയും മുഖവും കഴുകുക. കൃത്യസമയത്ത് സ്കൂളിൽ പോകാൻ നേരത്തെ എഴുന്നേല്ക്കേണ്ടതാണ്. മാതാപിതാക്കളും വൃത്തിയായിരിക്കാൻ ശ്രദ്ധിക്കുക. ചൂടുപ്രദേശങ്ങളിൽ ചിലർക്ക് വിയർപ്പ് ധാരാളം പുറപ്പെടാറുണ്ട്. അവിടങ്ങളിൽ ശാരീരിക വൃത്തി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വെള്ളം ലഭിക്കുമെങ്കിൽ- ചില സ്ഥലത്ത് വെള്ളവും ലഭിക്കാറില്ല- എന്തായാലും ഒരു പ്രാവശ്യം നിർബന്ധമായും കുളിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതിനെക്കുറിച്ചാണ് നബി (സ) തിരുമേനി പറഞ്ഞത്, വൃത്തി ഈമാന്റെ ഭാഗമാണെന്ന്.

**ഹൃദയശുദ്ധി**. ഇതിലൂടെയാണ് മനഃപരിശുദ്ധി ഉണ്ടാകുന്നത്. ഞാൻ ആദ്യവും പറഞ്ഞിട്ടുള്ളതുപോലെ, സ്വഹാബത്ത് എങ്ങനെയാണ് തങ്ങളെ ശുദ്ധീകരിച്ചത്. തിന്മകളെ അവസാനിപ്പിച്ചത്. ഒന്നുരണ്ട് ദോഷങ്ങളെ സംബന്ധിച്ച് ഞാനിവിടെ പറയാനാഗ്രഹിക്കുകയാണ്. മനസ്സിൽ നന്മയുണ്ടായിട്ടും, ആ ദോഷം ചില അഹ്മദികളുടെ മനസ്സിലും തിന്മ സൃഷ്ടിക്കുന്നുണ്ട്. നന്മയും തിന്മയും ഒരിടത്ത് യോജിച്ചിരിക്കില്ല. ഇതെപ്പോഴും ഓർക്കേണ്ടതാണ്. തിന്മ വളർന്നുകൊണ്ടിരുന്നാൽ, അല്ലെങ്കിൽ നിലനിന്നാൽ, നന്മയെ തള്ളിപ്പുറത്താക്കും. അതുകൊണ്ട് നമ്മുടെ മനസ്സുകളിൽ നന്മയുടെ ചുവട് ഉറപ്പുള്ളതായിരിക്കേണ്ടതാണ്. തിന്മയെ തള്ളിപ്പുറത്താക്കണം; മനഃപരിശുദ്ധി യഥാർത്ഥമായ നിലയിലുണ്ടാകാൻ ഇത് അനിവാര്യമാണ്.

ആ ദോഷങ്ങളിൽ ഒന്ന് അസൂയയാണ്. ഒന്ന് കളവാണ്. പിന്നെ കടം വാങ്ങുന്ന ശീലമാണ്, അത് തിരിച്ചു കൊടുക്കാത്ത ശീലവും. ഇക്കാലത്തെ സമൂഹത്തിൽ ഇക്കാര്യങ്ങൾ ഒരുപാട് പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. അതുകൊണ്ട് ഇത് വിവരിക്കേണ്ടത് അത്യാവശ്യമായി മനസ്സിലാക്കുന്നു. അസൂയയിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹു പ്രാർത്ഥന പഠിപ്പിച്ചിരിക്കുന്നു. ***വ മിൻ ശർറി ഹാസിദിൻ ഇദാ ഹസദ്*** എന്ന് പ്രാർത്ഥിക്കാൻ പറഞ്ഞിരിക്കുന്നു. അസൂയാലുവിന്റെ അസൂയയിൽനിന്ന് അല്ലാഹു രക്ഷിക്കുമാറാകട്ടെ. സ്വയം രക്ഷപ്പെടാൻ ഒരു സത്യവിശ്വാസി ഇങ്ങനെ ദുആ ചെയ്യുമ്പോൾ, മറ്റുള്ളവരോട് അസൂയപ്പെടുന്നതിൽനിന്നും, രക്ഷപ്പെടാനും അവൻ ശ്രമിക്കും. നബി(സ) പറയുന്നു: ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: അസൂയയിൽനിന്ന് രക്ഷപ്പെടുക, കാരണം പുല്ലിനെ തീ കരിച്ചുകളയുന്നതുപോലെ അസൂയ നന്മയെ കരിച്ചുകളയുന്നു. നന്മൾ കത്തിച്ചാമ്പലായിപ്പോകുന്നു. ഹദ്റത്ത് അനസ്(റ) പറയുന്നു: നബി(സ) പറഞ്ഞു: പരസ്പരം പക വെച്ചുപുലർത്തരുത്. അസൂയപ്പെടരുത്. ബന്ധം വിച്ഛേദിക്കരുത്. അല്ലാഹുവിന്റെ ദാസരും, പരസ്പരം സഹോദരങ്ങളുമായി ജീവിക്കുക. തന്റെ മുസ്‌ലിം സഹോദരനോട് മൂന്ന് ദിവസത്തേക്കാൾ കൂടുതൽ പിണങ്ങിയിരിക്കുന്നതും ബന്ധം വിച്ഛേദിക്കുന്നതും ഒരു മുസൽമാനും അനുവദനീയമല്ല."

ഇത്തരം കാര്യങ്ങളിൽ മനസ്സുള്ളവരാണ് പരിശുദ്ധിയുണ്ടാക്കുന്നത്. ഹൃദയപരിശുദ്ധി നിലനിറുത്തുകയും തങ്ങളുടെ ആരാധനാകർമ്മങ്ങളെ പ്രയോജനപ്പെടുത്തുകയും ആ ശുദ്ധീകരണകർത്താവിന്റെ അധ്യാപനങ്ങളിൽനിന്ന് ഫലമെടുക്കുകയും ചെയ്യണമെങ്കിൽ അസൂയയിൽ നിന്ന് രക്ഷപ്പെടാൻ ഓരോരുത്തരും ശ്രമിക്കണം. ഓരോരുത്തരും തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന നിർബന്ധകടമകൾ നിറവേറ്റുമെന്ന് പ്രതിജ്ഞ ചെയ്താൽ, അസൂയ ഉണ്ടാകുകയേയില്ല.

ചിലരെ ബാഹ്യത്തിൽ വളരെ നല്ലവരായി കാണാറുണ്ട്. പക്ഷേ, അവരിലും അസൂയ ഉണ്ടാകുന്നു. അവരുടെ ഉള്ളിൽ അസൂയ തിളച്ചുകൊണ്ടിരിക്കുകയും, മറ്റുള്ളവരെ ബുദ്ധിമുട്ടിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അത്തരമാളുകൾ എത്ര സമയം, അസൂയയിലും തന്ത്രങ്ങൾ മെനയുന്നതിലും ചെലവഴിക്കുന്നുവോ അത്ര സമയം അവർ നിർമ്മാണപരമായ ചിന്തയിലും ദുആയിലും ചെലവഴിച്ചാൽ, അസൂയയിൽനിന്ന് രക്ഷപ്പെടാനും, പരസ്പരം മുന്നേറാനുമുള്ള ആഗ്രഹം കൊണ്ട് അല്ലാഹു അവരേക്കാൾ കൂടുതൽ പുരോഗതി ഇവർക്ക് നല്കിയേക്കാം.

രണ്ടാമത്തെ കാര്യം കളവാണ്. ഇതിനെക്കുറിച്ചും ഞാൻ മിക്കപ്പോഴും പറയാറുണ്ട്. എല്ലാത്തരം തെറ്റായ വിവരങ്ങളിൽനിന്നും രക്ഷപ്പെടേണ്ടത് നിർബന്ധമാണ്. അല്ലാഹു പറഞ്ഞതനുസരിച്ച്, കളവ്, ശിർക്കിന്റെ അടുക്കലേക്ക് കൊണ്ടുപോകുന്നു. ഇതിൽനിന്ന് രക്ഷപ്പെടണം എന്നത് ഒരു സത്യവിശ്വാസിക്ക്, ശുദ്ധീകരണം ആഗ്രഹിക്കുന്ന ഒരു വ്യക്തിക്ക് വളരെ അത്യാവശ്യമാണ്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹ്(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: നിങ്ങൾ സത്യം സ്വീകരിക്കേണ്ടതാണ്. കാരണം സത്യം നന്മയിലേക്ക് മാർഗ്ഗദർശനം നല്കുന്നു. നന്മ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുന്നു. മനുഷ്യൻ സത്യം പറയാനും, സത്യം പറയാൻ ശ്രമിക്കാനും തുടങ്ങുമ്പോൾ, അവൻ അല്ലാഹുവിന്റെ സന്നിധിയിൽ സിദ്ദീഖ് എന്ന് പറയപ്പെടുന്നു. നിങ്ങൾ കളവിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. കാരണം കളവ് കലാപത്തിനും കുഴപ്പങ്ങൾക്കും കാരണമാകുന്നു. കലാപവും കുഴപ്പവും നേരെ തീയിലേക്ക് കൊണ്ടുപോകുന്നു. ഒരാൾ കളവ് പറയുന്നു, കളവിന്റെ ശീലനായിത്തീരുന്നു; അവൻ അല്ലാഹുവിന്റെ സന്നിധിയിൽ പെരുങ്കള്ളനെന്ന് എഴുതപ്പെടുന്നു.

ഹദ്റത്ത് അബൂബക്കർ(റ) പറയുന്നു: നബി(സ) പറഞ്ഞു. വൻപാപത്തെക്കുറിച്ച് നിങ്ങൾക്ക് ഞാൻ പറഞ്ഞുതരട്ടെയോ? തീർച്ചയായും പറഞ്ഞുതന്നാലും എന്ന് ഞങ്ങൾ പറഞ്ഞു. ആ മഹാത്മാവ് പറഞ്ഞു: അല്ലാഹുവിന് പങ്കുകാരെ വയ്ക്കൽ, മാതാപിതാക്കളെ ധിക്കരിക്കൽ, തലയിണയിൽ ചാരിയിരിക്കുകയായിരുന്ന നബി (സ) നിവർന്നിരുന്ന് കൊണ്ടുപറഞ്ഞു, മൂന്നാമത്തെ വൻപാപം കള്ളം പറയലാണ്. കള്ളസാക്ഷ്യം പറയലാണ്. നബിസ) മൂന്നുപ്രാവശ്യം ഇതാവർത്തിച്ചു. നബി (സ) നിശ്ശബ്ദനായിരുന്നെങ്കിൽ എന്ന് ഞങ്ങൾ ആഗ്രഹിച്ചുപോയി. (അത്രമാത്രം വികാരത്തോടെയാണ് നബി (സ) അത് പറഞ്ഞത്). നബി(സ) തിരുമേനിയ്ക്ക്, തന്റെ ഉമ്മത്തിലായിക്കൊണ്ട്, തന്റെ അനുയായി ആയിക്കൊണ്ട്, തീയിൽപോയി ആരെങ്കിലും പതിക്കുന്നത്, ഇഷ്ടമല്ലായിരുന്നു. ഈ സങ്കല്പമാണ് നബിയെ വ്യാകുലനാക്കിയത്.

അല്ലാഹു ഈ ദോഷങ്ങളിൽനിന്ന് രക്ഷപ്പെടാൻ നമുക്ക് എപ്പോഴും തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ ഹൃദയങ്ങളെ യഥാർത്ഥമായി ശുദ്ധീകരിക്കുമാറാകട്ടെ.

മൂന്നാമത്തെ കാര്യം, ഇക്കാലത്തെ പ്രശ്നമായി മുന്നിൽ വരുന്നത് കടം തിരിച്ചുകൊടുക്കലാണ്. ആവശ്യമുള്ളപ്പോൾ ആളുകൾ കടം വാങ്ങുന്നു. എന്നാൽ, തിരിച്ചുകൊടുക്കുന്നതിൽ തന്ത്രങ്ങളോടെ പെരുമാറുന്നു. കടം വാങ്ങുന്ന അവസരത്തിൽ, കടം വാങ്ങുന്നയാളോട് വളരെ നല്ലവനും ആത്മാർത്ഥതയുള്ളവനും പിന്നെ എന്തൊന്തൊക്കെ നന്മകൾ പ്രകടിപ്പിക്കാമോ അതെല്ലാം പ്രകടിപ്പിച്ചുകൊണ്ട് കടം വാങ്ങുന്നു. എന്നാൽ, തിരിച്ചുചോദിക്കുമ്പോൾ, അവനേക്കാൾ വലിയ ഖബീഥും (രാക്ഷസൻ) ദ്രോഹബുദ്ധിയുള്ളവനും ആരും ഉണ്ടാകുകയില്ല. അവനെപോലെ വേറൊരു അക്രമിയും ഉണ്ടായിരിക്കുകയില്ല. ഇത് സത്യവിശ്വാസിക്ക് ചേർന്നതല്ല. പരിശുദ്ധ ഹൃദയമാകണമെന്നാഗ്രഹിക്കുന്നവരുടെ മാർഗ്ഗം ഇതല്ല. ആ മഹാനായ റസൂലിന്റെയും ശുദ്ധീകരണകർത്താവിന്റെയും അനുയായിയുടെ മാർഗ്ഗമിതല്ല. അതുകൊണ്ട് നാം ആ ശുദ്ധീകരണകർത്താവ് നമ്മുടെ മുന്നിൽ സമർപ്പിച്ച മാർഗ്ഗം സ്വീകരിക്കേണ്ടതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. ഒരാൾ നബി(സ) യുടെ അടുക്കൽ വന്നു. നബി(സ) വാങ്ങിയ കടം അയാൾ തിരിച്ചുചോദിച്ചു. അപ്പോൾ അപമര്യാദയോടെ പെരുമാറി. സ്വഹാബത്തിന് ദ്വേഷം വന്നു. അയാളെ വഴക്കു പറഞ്ഞു. നബി(സ) പറഞ്ഞു: അയാളെ ഒന്നും പറയാൻ പാടില്ല. കാരണം വാങ്ങേണ്ടവന് കുറച്ച് പറയാനും അവകാശമുണ്ട്. പിന്നീട് അയാൾക്ക് കൊടുക്കാനുള്ള സമാനമായ മൃഗത്തെ കൊടുക്കാൻ നബി (സ) പറഞ്ഞു. സ്വഹാബാക്കൾ വലിയ മൃഗങ്ങളേ യുള്ളൂവെന്നറിയിച്ചു. നബി(സ) പറഞ്ഞു, അവയിൽ നിന്ന് കൊടുക്കുക. കാരണം കടം നല്ലനിലയിൽ വീട്ടുന്നവനാണ് നിങ്ങളിലുത്തമൻ."

ഇതാണ് നബി(സ)യുടെ ജീവിതമാതൃക. ഇതനുസരിച്ച് കടം വീട്ടേണ്ടതാണ്. കടം വീട്ടാൻ കഴിയാത്ത പരിതസ്ഥിതിയാണെങ്കിൽ നല്ല നിലയിൽ അവധി വാങ്ങേണ്ടതാണ്. അല്ലെങ്കിൽ ഈട് നല്കേണ്ടതാണ്. സമൂഹത്തിൽ ഫിത്നയും ഫസാദും ഉണ്ടാകാതിരിക്കാൻ കടം കൊടുത്ത സത്യവിശ്വാസി കടക്കാരൻ അവധി ചോദിച്ചാൽ കൊടുക്കാനും തയ്യാറാകേണ്ടതാണ്. ഇരുപക്ഷത്തുമുള്ള വൈരാഗ്യവും കോപവും അകന്നുപോകാൻ ഇത് ഇടവരുത്തും. പരിശുദ്ധരായി ജീവിക്കാനും കഴിയും. ഈ സൽസ്വഭാവമാണ് സമൂഹത്തിൽ മനഃപരിശുദ്ധിക്ക് കാരണമായിത്തീരുന്നത്. അല്ലാഹു നമുക്ക് ഈ മഹാനായ റസൂലിന്റെ, ശുദ്ധീകരണകർത്താവിന്റെ അധ്യാപനമനുസരിച്ച് ജീവിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ***ഖദ്അഫ്ലഹാ മൻതസക്കാ*** പരിശുദ്ധിയാർജ്ജിച്ചവൻ വിജയിച്ചു എന്നവരുടെ കൂട്ടത്തിൽ നാം ഉൾപ്പെടുമാറാകട്ടെ. അല്ലാഹു നമ്മെ എപ്പോഴും പരിശുദ്ധരായവരുടെ കൂട്ടത്തിൽ നിലനിറുത്തുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 25.1.2008 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala